4739
11/3/19

**കേരള സർക്കാർ**

റവന്യൂ വകുപ്പ്- മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി - ഇടുക്കി ജില്ലയിൽ കടബാധ്യതമൂലം ആത്മഹത്യ ചെയ്ത ഒമ്പത് കർഷകർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**റവന്യൂ (ഡിആർഎഫ്-എ) വകുപ്പ്**

**സ. ഉ. (ആർ.ടി) നം. 886/2019/റവ. തിരുവനന്തപുരം, തീയതി: 10.03.2019**

---

പരാമർശം: 07.03.2019 ലെ ഇടുക്കി ജില്ലാ കളക്ടറുടെ DCIDK/1193/2018/E3 നമ്പർ കത്ത്.

**ഉത്തരവ്**

ഇടുക്കി ജില്ലയിൽ കട ബാധ്യത മൂലം ഒമ്പത് കർഷകർ ആത്മഹത്യ ചെയ്തതായി പരാമർശ കത്ത് പ്രകാരം ജില്ലാ കളക്ടർ റിപ്പോർട്ട് ചെയ്തതിന്റെ അടിസ്ഥാനത്തിൽ, മഹാപ്രളയത്തെ തുടർന്നുണ്ടായ കൃഷി നാശവും, വിലത്തകർച്ചയും മൂലം ഇടുക്കി ജില്ലയിൽ അസ്വാഭാവിക മരണം സംഭവിച്ച താഴെപറയുന്ന ഒമ്പത് കർഷകരുടെ ആശ്രിതർക്ക് മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയിൽ നിന്നും ധനസഹായം അനുവദിച്ച് ഉത്തരവാകുന്നു.

1. ശ്രീ. സന്തോഷ്, S/o. രവി, താന്നിക്കാട്ട്കാല, മേരിഗിരി, തങ്കമണി - 5 ലക്ഷം
2. ശ്രീ. ശ്രീകുമാർ, S/o. കരുണാകരൻ, നക്കരയിൽ വീട്, പെരിഞ്ഞക്കുട്ടി പി.ഒ., ചെമ്പകപ്പാറ - 3 ലക്ഷം
3. ശ്രീ. സഹദേവൻ, S/o. ശങ്കരൻ, കന്നുംപുറത്തു, ചെമ്പകപ്പാറ, വാത്തിക്കുടി - 3 ലക്ഷം
4. ശ്രീ. ജെയിംസ്, വരിക്കാനിക്കൽ വീട്, ഇരുമലക്കപ്പ, പാറത്തോട് - 3 ലക്ഷം
5. ശ്രീ. രാജു, S/o. ശ്രീധരൻ, കോട്ടക്കലിൽ വീട്, കരിമ്പുംപടി, ആനവിരട്ടി, വെള്ളത്തൂവൽ - 3 ലക്ഷം
6. ശ്രീ. രാജൻ.കെ.ആർ, കൊച്ചുതളിക്കൽ തറയിൽ, ഓടിച്ചുകുത്തി, ചെമ്മണ്ണ്, ഏലപ്പാറ - 3 ലക്ഷം
7. ശ്രീ. സുരേന്ദ്രൻ, ഇടക്കൊച്ച്, കന്നത്ത് വീട്, മുക്കാലേക്കർ പി.ഒ., അടിമാലി - 3 ലക്ഷം
8. ശ്രീ. ജോണി.എൻ.എം, നെല്ലിപ്പുഴയിൽ വീട്, തടിയമ്പാട് - 3 ലക്ഷം
9. ശ്രീ. ദിവാകരൻ, വെട്ടിക്കാപ്പള്ളിയിൽ വീട്, പുന്നയാർ, കഞ്ഞിക്കുഴി - 3 ലക്ഷം

2. വിതരണത്തിനാവശ്യമായി വരുന്ന ആകെ തുകയായ **29,00,000/- രൂപ (ഇരുപത്തി ഒൻപത് ലക്ഷം രൂപ മാത്രം)** 2075-00-800-40 Contribution to Chief Minister's Distress Relief Fund (NP) എന്ന ശീർഷകത്തിൽ നിന്നും മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധിയുടെ ഖജാൻജിയായ ധനകാര്യവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പേരിലുള്ള T.P. 80 അക്കൗണ്ടിൽ നിന്നും ഇടുക്കി ജില്ലാ കളക്ടർക്ക് അനുവദിക്കേണ്ടതും, ജില്ലാ കളക്ടർ തുക ബന്ധപ്പെട്ട താലൂക്ക് ഓഫീസർ മുഖാന്തിരം ആശ്രിതർക്ക് വിതരണം ചെയ്യുന്നതിനാവശ്യമായ

അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതുമാണ്. സ്വീകരിച്ച നടപടി സർക്കാരിനെ ഒരാഴ്ചയ്ക്കകം അറിയിക്കേണ്ടതുമാണ്.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**എൽ. ഗീത**

**സ്പെഷ്യൽ സെക്രട്ടറി**

ജില്ലാ കളക്ടർ, ഇടുക്കി
ധനകാര്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി
(മുഖ്യമന്ത്രിയുടെ ദുരിതാശ്വാസനിധി ഖജാൻജി)
ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
ബഹു.റവന്യൂവകുപ്പ് മന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറി
റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിയുടെ പി.എ
ധനകാര്യ (ഫണ്ട്സ്) വകുപ്പ്
വിവര പൊതുജന സമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ